## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *485 — 01.07.2014-ൽ മറുപടിക്ക്

### സംസ്ഥാനത്ത് നിലവിലുള്ള വിവിധ ഭവന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>,, പി. സി. ജോർജ്:<br>,, എം. വി. ശ്രേയാംസ് കുമാർ:<br>ഡോ. എൻ. ജയരാജ്: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള വിവിധ ഭവന പദ്ധതികൾ വഴി ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളാണ് ഗുണഭോക്താക്കളായി വരുന്നത്; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ജനറൽ കാറ്റഗറിയിൽപ്പെടുന്ന ഭവന രഹിതരായ ദുർബല ജനവിഭാഗങ്ങൾക്കായി പ്രത്യേക ഭവന പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) ജനറൽ കാറ്റഗറിയിൽപ്പെടുന്ന ഭവന രഹിതരായ ദുർബല ജനവിഭാഗങ്ങൾക്കായി പ്രത്യേക ഭവന പദ്ധതികൾ നിലവിലില്ല. എന്നാൽ ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന ഇന്നവേറ്റീവ് ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നിവയുടെ പ്രയോജനം ജനറൽ കാറ്റഗറിയിൽപ്പെടുന്ന ദുർബല വിഭാഗക്കാർക്കും ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സംസ്ഥാനത്ത് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾ

ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾ

1. ഇന്നൊവേറ്റീവ് ഭവന പദ്ധതി - ദുർബ്ബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള തൊഴിലാളികൾക്കായുള്ള പദ്ധതി.
2. സാഫല്യം ഭവന പദ്ധതി - ഭൂ ഭവന രഹിതരായ ദുർബ്ബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കുള്ള പദ്ധതി.
3. ഗൃഹശ്രീ ഭവന പദ്ധതി - ദുർബ്ബല വിഭാഗത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരും അല്ലാത്തവരും, താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവരുമാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.
4. എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി - ദുർബ്ബല വിഭാഗത്തിൽ പ്പെട്ടവർക്കുവേണ്ടി സർക്കാർ സബ്സിഡിയോടുകൂടി ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണിത്.
5. പാരസ്പര്യം മാതൃകയിലുള്ള ഫ്ലാറ്റ് നിർമ്മാണ പദ്ധതി - ഫ്ലാറ്റുകളുടെ വിൽപ്പന വില ഗഡുക്കളായി മുൻകൂറായി അടയ്ക്കാൻ തയ്യാറുള്ള ഇടത്തരം/ഉയർന്ന വരുമാന വിഭാഗക്കാർക്കുള്ള പദ്ധതി.
6. പ്ലോട്ടുകൾ വികസിപ്പിച്ച് വിൽക്കുന്ന പദ്ധതി - ബോർഡിന്റെ കൈവശമുള്ള അനുയോജ്യമായ ഭൂമിയിൽ വികസിത പ്ലോട്ടുകൾ നിർമ്മിച്ച് ഇടത്തരം/ഉയർന്ന വരുമാന വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് വിൽക്കുന്ന പദ്ധതി.
7. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി - സർക്കാർ ജീവനക്കാരാണ് ഗുണഭോക്താക്കൾ.
8. സങ്കേതം ഭവന പദ്ധതി - താഴ്ന്ന വരുമാന വിഭാഗക്കാർക്ക് പഞ്ചായത്തുകൾ ലഭ്യമാക്കുന്ന ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതി.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾ

പട്ടികവർഗ്ഗക്കാർക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ജനറൽ ഹൗസിംഗ്, കോർപ്പസ് ഫണ്ട് ഹൗസിംഗ്, വനാവകാശ പ്രകാരം ഭൂമി ലഭിച്ചവർക്കുള്ള ഭവന നിർമ്മാണ പദ്ധതി, പ്രാകൃത ഗോത്ര വർഗ്ഗ വിഭാഗങ്ങൾക്കായുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതി എന്നീ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾ

പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം 50,000/- രൂപയിൽ കുറവ് വാർഷിക വരുമാനമുള്ള സ്വന്തമായി ഭൂമിയുള്ള പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർക്ക് 2 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായം നൽകി വരുന്നുണ്ട്.

ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതി

ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കും/വിവാഹ മോചിതരുമായ സ്ത്രീകൾക്കും വേണ്ടി ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ഒരു ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. 2014-15 വർഷത്തെ പദ്ധതി പ്രകാരം ഗുണഭോക്താവിന് കുറഞ്ഞത് 2.5 സെൻറ് വസ്തു ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതി

മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ മാതൃകാ മത്സ്യഗ്രാമം പദ്ധതി എന്നീ ഭവന നിർമ്മാണ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നത്.

സൈനിക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾ

വിമുക്ത ഭടന്മാർക്കുള്ള ഹൗസിംഗ് സ്കീം മുഖേന 1 ലക്ഷം രൂപ സൈനിക ക്ഷേമ വകുപ്പ് സഹായധനമായി നൽകുന്നു.

റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതി

റവന്യൂ വകുപ്പിൽ നിന്നും സുനാമി പദ്ധതി പ്രകാരം കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ച് 9 തീരദേശ ജില്ലകളിൽ പതിനായിരത്തോളം ഭവനങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.